# FEES FOR
# AUTHORIZATION UNDER
# CONSTRUCTION AND DEMOLITION
# WASTE MANAGEMENT
# RULES, 2016

☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: ms.kspcb@gov.in FAX: 0471-2318134, 2318152 web: www.keralapcb.nic.in

**KERALA STATE POLLUTION CONTROL BOARD**
**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**
Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

പിസിബി/എച്ച്ഒ/സർക്കുലർ/57/2019 തീയതി: 11/12/2020

## സർക്കുലർ

വിഷയം:- Construction & Demolition waste processing facility-കളുടെ ആതറൈസേഷൻ ഫീസ് സംബന്ധിച്ച്

2016-ലെ Construction & Demolition rules പ്രകാരം കൺസ്ട്രക്ഷൻ ആന്റ് ഡിമോലിഷൻ വേസ്റ്റ് പ്രൊസസ്സിങ്/റീസൈക്ലിങ് ഫെസിലിറ്റി പ്രവർത്തിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആതറൈസേഷൻ ആവശ്യമാണ്.

പ്രസ്തുത റൂൾസിൽ പ്രതിപാദിച്ചിട്ടുള്ള Form I-ലാണ് operator ആതറൈസേഷനായി ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. ടി അപേക്ഷ പരിശോധിച്ചശേഷം റൂൾസിൽ പരാമർശിച്ചിട്ടുള്ള Form III-ൽ ബോർഡിൽ നിന്നും ആതറൈസേഷൻ നൽകാവുന്നതാണ്. ഇത്തരത്തിലുള്ള പ്രൊസസ്സിങ് കേന്ദ്രങ്ങളിൽ concrete debris പൊടിക്കുന്ന പ്രവൃത്തിയാണ് ചെയ്യുന്നത്. ക്രഷറുകളിലെ പോലെ സമാനതയുള്ള പ്രവർത്തനങ്ങളാണ് Construction & Demolition waste processing facility-യിലും നടക്കുന്നത്. ആയതിനാൽ പ്രസ്തുത facility സ്ഥാപിക്കുന്നതിനാവശ്യമായ ഉപകരണങ്ങളുടെ വിലയും സ്ഥാപിക്കുന്ന സ്ഥലത്തിന്റെ വിലയും ചേർത്ത് ആകെ മുതൽ മുടക്കിനനുസൃതമായി ക്രഷറുകളുടെ അനുമതിപത്രത്തിന് ബാധകമായ ഫീസ് തന്നെ Construction & Demolition waste processing/recycling facility-യ്ക്ക് ആതറൈസേഷനു വേണ്ടി പരിഗണിക്കേണ്ടതാണ്. ലീസ്/വാടകയ്ക്ക് എടുത്ത സ്ഥലത്താണ് പ്രസ്തുത പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നത് എങ്കിൽ ഒരു വർഷത്തെ ലീസ്/വാടക തുകയും മെഷിനറികളുടെ വിലയുമാണ് മുതൽമുടക്കിനായി കണക്കാക്കേണ്ടത്. ഫീസ് വാർഷിക ഫീസായി നിശ്ചയിക്കാവുന്നതാണ്. ആതറൈസേഷന്റെ കാലാവധി ഒരു വർഷം ആയിരിക്കും.

പൂർണ്ണമായും കെട്ടിമറച്ച ഇഷ്ടിക/സിമന്റ് ബ്ലോക്ക്സ് കൊണ്ട് നിർമ്മിച്ച കെട്ടിടത്തിനുള്ളിലാവണം സ്ഥാപനം പ്രവർത്തിക്കേണ്ടത്. പരിസരത്ത് വാട്ടർ സ്പ്രിംഗളറുകൾ സ്ഥാപിക്കേണ്ടതാണ്. Internal റോഡുകൾ ടാർ ചെയ്യേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും സമീപ ഭവനത്തിലേക്ക് കുറഞ്ഞത് 100 മീറ്റർ എങ്കിലും ദൂരം ഉണ്ടാവേണ്ടതാണ്. സ്ഥിരമായ processing/ recycling facility -യ്ക്ക് വേണ്ടിയുള്ള site selection-ന് Construction & Demolition Waste Management Rules, 2016 ലെ schedule - I ലെ നിബന്ധനകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

പ്രസ്തുത നിബന്ധനകൾ സർക്കുലർ തീയതി മുതൽ ബാധകമാണ്.

ഒപ്പ്/-
**ചെയർമാൻ**

പകർപ്പ്:-

1. എല്ലാ മേഖലാ/ജില്ലാ ഓഫീസ് മേധാവികൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും (കാണുന്നതിനായി)
3. ഐറ്റി സെൽ (ബോർഡിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
4. ചെയർമാന്റെ സിഎ/മെമ്പർ സെക്രട്ടറിയുടെ സിഎ
5. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ - 3**